# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA.PKD 14-1255/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA.PKD 14-1255/22 തീയ്യതി: 06/07/2022

## പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 22-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ.ഇ. | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
ഉഷാകുമാരി.വി.ടി.-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബീന.എം.വി.-സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ. -ഓഡിറ്റർ
രാജൻ.കെ. -ഓഡിറ്റർ ട്രെയിനി
(2019-20 വർഷത്തെ ഓഡിറ്റ് കൂടി ഇതോടൊപ്പം നടത്തിയിട്ടുണ്ട്)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 18-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 19-11-2020 | 29-12-2020 |
| ശ്രീമതി.പ്രസീദ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പി.കെ.അംബുജാക്ഷൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അശ്വിൻ.ടി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഫെബിൻ.പി.പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 06-07-2020 |
| ശ്രീമതി.റീജ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-07-2020 | 06-10-2020 |
| ശ്രീമതി.ഫൌസി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2020 | 15-02-2021 |
| ശ്രീമതി.റീജ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-02-2021 | 31-03-2021 |
| ഡോ.അഞ്ജു.എം.ഹനീഫ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ദിവ്യ.ഒ.വി. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.വിനേഷ്.പി.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.എൻ.ശിവകുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 17-09-2020 |
| ഡോ.എം.ജയൻ | വെറ്ററിനറി സർജൻ | 18-09-2020 | 31-03-2021 |
| ശ്രീ.എ.ജയകൃഷ്ണൻ | പ്രധാന അധ്യാപകൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുഷ.ജെ. | വി.ഇ.ഒ.I | 01-04-2020 | 31-03-2021 |
| ശ്രീ.മൂർത്തി.എ. | വി.ഇ.ഒ.II | 01-04-2020 | 21-12-2020 |
| ശ്രീ.നവനീത്.സി.കെ. | വി.ഇ.ഒ.II | 22-12-2020 | 31-03-2021 |
| ശ്രീമതി.ലിമിലാൽ.ടി.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ടി.ഗിരീഷ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷേബ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 04-09-2020 |
| ശ്രീമതി.ബീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-09-2020 | 30-09-2020 |
| ശ്രീമതി.ഷേബ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-10-2020 | 08-10-2020 |
| ശ്രീമതി.അഷ്ല.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-10-2020 | 23-01-2021 |
| ശ്രീ.ആരോൺ ആന്റണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-01-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 02-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 17-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 16-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 16-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 01-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-10 |
| 12 | ബാങ്കിൽ നേരിട്ട് അടവാക്കിയതും ചെക്ക് ആയി നല്കിയ തുകകൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Geetha K (Auditor, On 11-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-11 |
| 13 | ആംബുലൻസ് നിന്നുള്ള വരവ്- കൃത്യമല്ല<br>Written By: Geetha K (Auditor, On 11-06-2022)<br>Last Updated By: Geetha K (Auditor, On 21-06-2022) | 1-12 |
| 14 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-13-1 |
| 16 | തൊഴിൽ നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല.<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-13-2 |
| 17 | വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-14 |

| | | |
|---|---|---|
| | Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | |
| 18 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-14-1 |
| 19 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-14-2 |
| 20 | മോബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-14-3 |
| 21 | അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Geetha K (Auditor, On 12-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-14-4 |
| 22 | അങ്കണവാടി പോഷകാഹാരം - ആരോഗ്യ മിക്സ്/ ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 04-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 04-06-2022) | 1-15 |
| 23 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (എസ.സി)- മതിയായ തുക അനുവദിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 06-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 06-06-2022) | 1-16 |
| 24 | ലൈഫ് പദ്ധതി (ജനറൽ)-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 06-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-17 |
| 25 | കുടുംബശ്രീ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ-അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 11-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 12-06-2022) | 1-18 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗരേഖ ലഭ്യമാക്കണം<br>Written By: M.V.Beena (Senior Grade Auditor, On 12-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 12-06-2022) | 1-19 |
| 27 | ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ<br>Written By: K. Rajan (Auditor Trainee, On 13-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 13-06-2022) | 1-20 |
| 28 | സുഭിക്ഷകേരളം - പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: M.V.Beena (Senior Grade Auditor, On 14-06-2022)<br>Last Updated By: P. Sujatha (Audit Officer, On 17-06-2022) | 1-21 |
| 29 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 19-06-2022) | 1-22 |
| 30 | ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത്<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-22-1 |
| 31 | ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത്<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-22-2 |
| 32 | ചെലവഴിക്കാത്ത തുക -ശുചിത്വ മിഷൻ, മറ്റു ഫണ്ടുകൾ<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 19-06-2022) | 1-22-3 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 19-06-2022) | 1-23 |

| | | |
|---|---|---|
| 34 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 19-06-2022) | 1-24 |
| 35 | കൃഷി ഭവൻ വൈദ്യുതീകരണം -രേഖകളില്ലാതെ തുക അനുവദിച്ചു<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 19-06-2022) | 1-25 |
| 36 | ചള്ളേക്കാട് കുടിവെള്ള പദ്ധതി -പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: P. Sujatha (Audit Officer, On 19-06-2022) | 1-26 |
| 37 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: V.T. Ushakumari (Asst. Audit Officer, On 19-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 19-06-2022) | 1-27 |
| 38 | KURDFC ലൈഫ് ലോൺ- ബാധ്യത കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.<br>Written By: V.T. Ushakumari (Asst. Audit Officer, On 20-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 20-06-2022) | 1-28 |
| | **ഭാഗം 2** | |
| 1 | ആംബുലൻസിൽ നിന്നുള്ള വരവ്- കൃത്യമല്ല<br>Written By: Geetha K (Auditor, On 20-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 20-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 16-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V.T. Ushakumari (Asst. Audit Officer, On 16-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: P. Sujatha (Audit Officer, On 26-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 26-05-2022)<br>Last Updated By: P. Sujatha (Audit Officer, On 26-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 19-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്ക് -വിവിധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

24.03.2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 9576288 |
| പ്രതീക്ഷിത വരവ് | 429008500 |
| ആകെ വരവ് | 438584788 |
| ചെലവ് | 433944500 |
| നീക്കിയിരിപ്പ് | 4640288 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-07-2021 | 10-06-2021 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.തനത് വരവ് ഇനങ്ങളുടെ- തൊഴിൽ നികുതി, ലൈസൻസ് ഫീ, പെർമിറ്റ് ഫീ, റെഗുലറൈസേഷൻ ഫീ, വസ്തു നികുതി ,വാടക,ലേലം തുടങ്ങിയവ- രജിസ്റ്ററുകൾ പൂർണ്ണമായി എഴുതാതെയും സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും ആണ് ഓഡിറ്റിന് കണക്കുകൾ ലഭ്യമാക്കിയിട്ടുള്ളത്.

2.സാംഖ്യ സോഫ്റ്റ് വെയറിൽ സാമ്പത്തിക വർഷാവസാനം ലഭ്യമായ കണക്കുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കിയിട്ടില്ല.

3.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

ഓഡിറ്റ് ആരംഭിച്ച ശേഷമാണ് ലൈഫ്, കല്യാണ മണ്ഡപം വായ്പകളുടെ രണ്ട് വർഷങ്ങളിലെയും രജിസ്റ്ററുകൾ പൂർത്തിയാക്കി പരിശോധനക്ക് ഹാജരാക്കിയത്.

4. ട്രഷറി എസ്.ബി അക്കൗണ്ട് (നം 28) 2019-20 ൽ ക്ലോസ് ചെയ്തുവെങ്കിലും സാംഖ്യ സോഫ്റ്റ്‌വെയറിൽ ഫ്രീസ് ചെയ്യാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിലും സാംഖ്യ ബാങ്ക് ബുക്കിൽ ഇടപാടുകൾ തെറ്റായി

അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാംഖ്യയിൽ പ്രസ്തുത അക്കൗണ്ട് ഫ്രീസ് ചെയ്യേണ്ടതാണ്.

5. WGDP അക്കൗണ്ടിന്റെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. മറ്റ് ഫണ്ടുകളുടെയും സംയുക്ത പദ്ധതികൾക്കുള്ള ഫണ്ടുകളുടെയും വരവ് ചെലവ് വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളുമായി പ്രസ്തുത വിവരങ്ങൾ ഒത്തുനോക്കാൻ സാധിച്ചില്ല

7.ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 18/31-05-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8,23,34,265 |
| വരവ് | 23,68,69,127 |
| ആകെ | 31,92,03,392 |
| ചെലവ് | 24,58,85,928 |
| നീക്കിയിരിപ്പ് | 7,33,17,464 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 32010359 | 32010359 | 31913647 | 96712 |
| വികസനഫണ്ട് എസ്.സി.പി | 0 | 13780314 | 13780314 | 11405957 | 2374357 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2403196 | 2403196 | 2192964 | 210232 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16568000 | 16568000 | 16487866 | 80134 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7767632 | 7767632 | 6896242 | 871390 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 32293418 | 32293418 | 14571881 | 17721537 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 14540000 | 14540000 | 9781829 | 4758171 |

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹26112533 വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

(*) ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹6236941 ജനറൽ വിഭാഗത്തിൽ നിന്നും ,അങ്കണവാടി വർക്കർമാർക്കും സഹായികൾക്കും ഉള്ള പ്രതിഫലത്തുക ഇനത്തിൽ ₹1708200 എന്നിവ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്.

ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹439686എസ്.സി.പി. വിഭാഗത്തിൽ നിന്നും ₹219804,

ടി.എസ്.പി. വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്.

വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് മെയി. ഫണ്ട്(നോൺ റോഡ്)-ൽ നിന്നും ₹79368 കുറവ് വരുത്തിയിട്ടുള്ളതാണ്. ശേഷിക്കുന്ന അലോട്ട്മെന്റ് തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2203979 | 2668038 | 4872017 | 2349194 | 2522823 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4544 | 1539682 | 1544226 | 1540752 | 3474 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 60988452 | 60988452 | 60988452 | 0 |
| ആകെ | 4544 | 62528134 | 62532678 | 62529204 | 3474 |

*3. ശുചിത്വ ഫണ്ട്*

| സമ്പൂർണ്ണ ശുചിത്വം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗോബർധൻ | 717500 | 0 | 717500 | 336600 | 943099 |
| ടോയ്ലറ്റ് റിപ്പയർ | 562199 | 0 | 562199 | | |
| ആകെ | 1279699 | 0 | 1279699 | 336600 | 943099 |

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 0 | 4978319 | 4978319 | 230000 | 4748319 |

4. WGDP

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| WGDP | 255564 | 0 | 255564 | 0 | 255564 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 280000 | 6700000 | 6980000 | 6980000 | 0 |
| സാക്ഷരത | 9370 | 0 | 9370 | 0 | 9370 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 322 | 348944713 | 264 | 197788612 | --- | 58 | 81.99 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 20333746 | 16741604 | 82.33 |
| വി.ഇ.ഒ. I | 14 | 10 | 90662600 | 34667800 | 38.24 |
| വി.ഇ.ഒ.II | 2 | 1 | 2848500 | 1087500 | 38.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27 | 24 | 15566399 | 14295136 | 91.83 |
| സെക്രട്ടറി | 45 | 35 | 97259433 | 61439715 | 63.17 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 173 | 142 | 96232118 | 53011512 | 55.09 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 1000000 | 892767 | 89.28 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 2080000 | 1680000 | 80.77 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 450000 | 450000 | 100 |
| വെറ്ററിനറി സർജ്ജൻ | 11 | 11 | 8117310 | 4367310 | 53.8 |
| പ്രധാന അധ്യാപകൻ | 8 | 4 | 2194570 | 1553048 | 70.77 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 2984396 | 2446480 | 81.98 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 11 | 9215641 | 5155740 | 55.95 |
| ആകെ | 322 | 264 | 348944713 | 197788612 | 56.68 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4544 | 1539682 | 1544226 | 1540752 | 3474 |
| ഗുണഭോക്താക്കൾക്ക് | - | 60988452 | 60988452 | 60988452 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 4544 | 62528134 | 62532678 | 62529204 | 3474 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1048800 | 462 |
| വിധവാപെൻഷൻ | 3962400 | 1697 |
| വാർദ്ധക്യകാലപെൻഷൻ | 9123000 | 3870 |
| വികലാംഗപെൻഷൻ | 1129100 | 485 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ. | 237600 | 102 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.05.2022 ന് 3.30 Pm ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24930/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയും അപൂർണ്ണമാണ്.

ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമാവലി തയ്യാറാക്കേണ്ടതും പിരിച്ചെടുക്കുന്ന തുക മുഴുവൻ ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വസ്തു നികുതി -ഡാറ്റാ പ്യൂരിഫിക്കേഷനിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

മാലിന്യ സംസ്കരണം -എം.സി.എഫ്. -പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹26112533/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.4.2022 | മാർച്ച് 2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.04.19മുതൽ 27.04.19 വരെ | 2015-16 To 2018-19 | LBA/CH(Q)III /III/8A-6/2019-20/51 Dt.29.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്(സപ്ലിമെന്ററി ഓഡിറ്റ്) | --- | 2017-18 | AMG-I/III/8B-06/2019-20 Dt.25.4.2019 |

അക്കൌണ്ടന്റ് ജനറലിന്റെ 2014-15 To 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (തീർപ്പാക്കിയ ഖണ്ഡികകൾ - II(i), IX, X, X(iii), XI, XII)

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്(സപ്ലിമെന്ററി ഓഡിറ്റ്) റിപ്പോർട്ടിൽ 4 ഖണ്ഡികയിൽ 1 എണ്ണം തീർപ്പാക്കി.

## 1-11 ബാങ്കിൽ നേരിട്ട് അടവാക്കിയതും ചെക്ക് ആയി നല്കിയ തുകകൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

സാംഖ്യ സോഫ്റ്റ്‌വെയർ പ്രവർത്തനരഹിതമാകുന്ന സന്ദർഭങ്ങളിൽ ഫ്രണ്ട് ഓഫീസ് തടസ്സപ്പെടുത്താതിരിക്കാനും ഔട്ട് ഡോർ കളക്ഷനുമാണ് മാന്വൽ രശീതികൾ നല്കിവരുന്നത്. അതത്

ക്ലാർക്കുമാരുടെ ലോഗിനിൽ ഓരോ രസീതിയും പിന്നീട് ഡാറ്റാ എൻട്രി നടത്തേണ്ടതാണ്. താഴെ പറയുന്ന വരവുകൾ ബാങ്കിൽ(കനറാ ബാങ്ക് ,പുതുശ്ശേരി) അടവാക്കിയിട്ടുണ്ടെങ്കിലും സാംഖ്യയിൽ വരവ് വന്നതായി കാണുന്നില്ല. അവ ചുവടെ ചേർക്കുന്നു.

| തീയതി | രസീതി നമ്പർ/ ബുക്ക് നമ്പർ | തുക |
|---|---|---|
| 17.08.2020 | 1-5/11276 | 1782 |
| 25.03.2022 | 31/11054 | 12600 |
| 26.03.2022 | 75/6940 | 12372 |
| | 76/6940 | 3184 |
| | 71/6938 | 12600 |
| 31.03.2021 | 72/6927 | 26288 |
| | 100/6941 | 34020 |

ഈ തുകകൾ സാംഖ്യയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 5/27-05-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെന്റിംഗ് ടാസ്കിൽ വെച്ച്ത് പിന്നീട് സാംഖ്യയിൽ ചേർക്കാൻ വിട്ടുപോയതായി വാക്കാലറിയിച്ചതാണ്. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 ആംബുലൻസ് നിന്നുള്ള വരവ്- കൃത്യമല്ല

ആംബുലൻസ് നിന്നുള്ള പ്രത്യേക രശീതി മുഖേനയുള്ള വരവ് പൂർണ്ണമായും തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ലെന്നും കണ്ടെത്തി. ഓഡിറ്റ് കാലയളവിലുള്ള രശീതി മുഖേന പിരിച്ചെടുത്ത ₹85320 /- പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഭാഗികമായ തുക ഓഡിറ്റ് വേളയിൽ അടവാക്കിയത് പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും അവ ഒരുമിച്ചടവാക്കിയതിനാൽ ഏത് രശീതികളുടെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

1-13 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-13-1 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ചുവടെ ചേർക്കുന്നു.

| ക്ര.നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | അസീസ്സി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 13 | ഒന്നാം അർദ്ധ വർഷം |
| 2 | പി. എച്ച് സി, പുതുശ്ശേരി | 1 | ,, |

| | | | |
|---|---|---|---|
| 3 | കനറാ ബാങ്ക്, പുതുശ്ശേരി | 2 | ,, |
| 4 | കെ.എസ്.എഫ്.ഇ, കഞ്ചിക്കോട് | 1 | ,, |
| 5 | ഇ.എസ്.ഐ.ഡിസ്പെൻസറി, ചന്ദ്രാപുരം | 1 | ,, |
| 6 | ആര്യവൈദ്യശാല, ഫാക്ടറി കോംപ്ലക്സ്, കഞ്ചിക്കോട് | 2 | ,, |
| 7 | പ്രൈം ഇൻഡസ്ട്രീസ് ലിമിറ്റഡ്, കഞ്ചിക്കോട് | 5 | ,, |
| 8 | സിനിക്കോൺ കൺട്രോൾ പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട് വെസ്റ്റ് | 28 | ,, |
| 9 | പ്രൈം പ്ലസ് പോളിമേഴ്സ്, പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട് വെസ്റ്റ് | 4 | ,, |
| 10 | എൽജി റബർ കമ്പനി ലിമിറ്റഡ്, കഞ്ചിക്കോട് വെസ്റ്റ് | 3 | ,, |
| 11 | കാംകോ, കഞ്ചിക്കോട് | 5 | ,, |
| 12 | എമറെറ്റ് സിമന്റ് പ്രൈവറ്റ് ലിമിറ്റഡ്, | 1 | ,, |
| 13 | അമൃത് ഡിസ്ലറി, ചുള്ളിമട | 1 | ,, |
| 14 | കോർപ്പറേഷൻ ബാങ്ക്, കഞ്ചിക്കോട് | 1 | ,, |
| 15 | GAS ഫെസിലിറ്റി സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | 19 | ,, |
| 16 | മലബാർ സിമന്റ്സ്, വാളയാർ | 27 | ,, |
| 17 | റാഫാ ഡയഗണോസ്റ്റിക്സ്, കിൻഫ്ര, കഞ്ചിക്കോട് | 4 | ,, |
| 18 | പയോനിയർ റൂഫിങ്ങ് കമ്പനി, പാമ്പാംപള്ളം, കഞ്ചിക്കോട് | 1 | ,, |
| 19 | വീര ഡിസ്പ്ലേ & സ്റ്റോറേജ് പ്രൈവറ്റ് ലിമിറ്റഡ്, IDA, കഞ്ചിക്കോട് | 1 | ,, |
| 20 | ജയ്ഹിന്ദ് സ്റ്റീൽ പ്രൈവറ്റ് | 1 | ,, |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | | |
| 21 | ആര്യവൈദ്യശാല, ഫാക്ടറി കോംപ്ലക്സ്, കഞ്ചിക്കോട് | 3 | രണ്ടാം അർദ്ധ വർഷം |
| 22 | ഐ.ടി.ഐ ലിമിറ്റഡ്, കഞ്ചിക്കോട് | 3 | ,, |
| 23 | പ്രീക്കോട്ട് മെറീഡിയൻ ലിമിറ്റഡ്, കഞ്ചിക്കോട് | 4 | ,, |

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 7/28-05-22 ന് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-2 തൊഴിൽ നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല.

2017-2018 മുതലുള്ള തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനും, കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കുന്നതിനും തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് റിക്വസിഷൻ 7/28-05-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-14 വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1-14-1 റസിഡൻഷ്യൽ ഹോം സ്റ്റേകൾ

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയായും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈ വിജ്ഞാപനം പ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിർണ്ണയിക്കാത്തിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 16/31-05-2022 ന് റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-14-2 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 3/59 | ഷോപ്പ് | 189 | 4753 |
| 2 | 3/66 | ഷോപ്പ് | 66 | 2775 |
| 3 | 3/67 | ഷോപ്പ് | 136 | 4962 |
| 4 | 3/68 | ഷോപ്പ് | 136 | 4713 |
| 5 | 3/76 | ഷോപ്പ് | 102 | 479 |
| 6 | 3/99 | ഷോപ്പ് | 160 | 5544 |
| 7 | 3/456 | ഷോപ്പ് | 145 | 53 |
| 8 | 3/612 | ഗോഡൌൺ | 250 | 2376 |
| 9 | 4/42 | ഷോപ്പ് | 135 | 179 |
| 10 | 4/650 | ഗോഡൌൺ | 217 | 301 |
| 11 | 5/172 | ഷോപ്പ് | 105 | 794 |
| 12 | 5/212 | ഷോപ്പ് | 274.5 | 1191 |
| 13 | 7/586 | ഷോപ്പ് | 103 | 1584 |
| 14 | 8/561 | ഷോപ്പ് | 150.4 | 994 |
| 15 | 9/39 | ഷോപ്പ് | 140 | 238 |
| 16 | 9/425 | ഗോഡൌൺ | 128 | 4032 |
| 17 | 9/773 | ഗോഡൌൺ | 195 | 2382 |
| 18 | 9/775 | ഗോഡൌൺ | 216 | 2382 |
| 19 | 9/776 | ഗോഡൌൺ | 306 | 5160 |
| 20 | 9/838 | റെസ്റ്റോറന്റ് | 156 | 3406 |
| 21 | 11/651 | ഷോപ്പ് | 110.94 | 1182 |
| 22 | 11/652 | ഷോപ്പ് | „ | 1132 |
| 23 | 12/631 | ഷോപ്പ് | 112 | 637 |
| 24 | 13/65 | ഗോഡൌൺ | 150 | 10915 |
| 25 | 13/655 | ഗോഡൌൺ | 120 | 13181 |
| 26 | 14/480 | ഷോപ്പ് | 165.62 | 2382 |
| 27 | 14/481 | ഷോപ്പ് | 170.82 | 2382 |
| 28 | 14/483 | ഷോപ്പ് | 395.83 | 4765 |
| 29 | 14/488 | ഷോപ്പ് | 124.14 | 1981 |

| | | | | |
|---|---|---|---|---|
| 30 | 14/489 | ഷോപ്പ് | 124.14 | 1981 |
| 31 | 14/490 | ഷോപ്പ് | 116.23 | 1588 |
| 32 | 14/495 | ഷോപ്പ് | 307.85 | 8781 |
| 33 | 14/496 | ഷോപ്പ് | 352.32 | 874 |
| 34 | 14/517 | ഹോട്ടൽ | 283.03 | 2376 |
| 35 | 14/518 | ,, | 129.75 | 2376 |
| 36 | 14/519 | റെസ്റ്റോറന്റ് | 222.48 | 3961 |
| 37 | 14/520 | ഷോപ്പ് | 107.4 | 4950 |
| 38 | 15/670 | ,, | 102 | 954 |
| 39 | 17/432 | ഷോപ്പ് | 150 | 2600 |
| 40 | 17/951 | ഷോപ്പ് | 120 | 399 |
| 41 | 18/1 | ഷോപ്പ് | 170 | 1836 |
| 42 | 18/791 | ഹോട്ടൽ | 204 | 4371 |
| 43 | 18/792 | ഷോപ്പ് | 204 | 4371 |
| 44 | 19/356 | ഷോപ്പ് | 168 | 91 |
| 45 | 19/357 | ഷോപ്പ് | 144 | 208 |
| 46 | 19/359 | ഹോട്ടൽ | 241 | 397 |
| 47 | 19/698 | ഷോപ്പ് | 120 | 225 |
| 48 | 21/214 | ഷോപ്പ് | 150 | 794 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നതിന് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 16/31-05-2022 ന് ഓഡിറ്റ് ചൂണ്ടികാണിച്ച അപാകത പരിഹരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന സമയത്ത് ആയത് തിരുത്തൽ വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14-3 മോബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 18 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2020-21 വരെ 3മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 105953/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | കെട്ടിട നം, ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC) ഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 6/527 സബ്ബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 10 | 3675 | 20703 | 2013 മുതൽ |

| | | | | | |
|---|---|---|---|---|---|
| 2 | 7/729 റിലൈയൻസ് ടവർ, വാളയാർ | 10 | 3675 | 24770 | 2015 മുതൽ |
| 3 | 10/48 ഡിഷ്നെറ്റ് വയർലസ് | 16 | 6720 | 60480 | 2013 മുതൽ |
| | | | | 105953 | |

ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 16/31-05-2022ന് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി കൈകൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 1-14-4 അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 21 കെട്ടിടങ്ങളാണ് ഉള്ളത് . നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 10 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നല്കിയിട്ടുണ്ട്. അവ ഏത് വാർഡെന്നോ കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, നിയമലംഘനത്തിന്റെ സ്വഭാവം മറ്റ് അടിസ്ഥാന വിവരങ്ങൾ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയർ ഉൾപ്പെട്ട കെട്ടിടങ്ങളൊന്നും തന്നെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഉൾപ്പടെയുള്ള വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതുമാണ്.

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് മേൽ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം16/31-05-2022 ന് നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 1-15 അങ്കണവാടി പോഷകാഹാരം - ആരോഗ്യ മിക്സ്/ ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയിട്ടില്ല

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക

സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ ശക്തി ആരോഗ്യ ഫുഡ്സ്, കൊങ്ങപ്പാറ, കോഴിപ്പാറ (GSTIN-32ACNFS3682H1ZU) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. 2 പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 73/20-21 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്-2700000/-<br>കേന്ദ്രവിഹിതം-2104200/- |
| ആകെ | 4804200/- |
| ചെലവ് | വികസന ഫണ്ട്-2700000/-<br>കേന്ദ്രവിഹിതം-2104200/-<br>ആകെ- 4804200/- |
| ബിൽ /ചെക്ക് നം/തിയതി | 19/29.6.20- 582975/-<br>23/29.7.20-1316926/-<br>26/26.8.20-664762/-<br>34/11.1.21-135337/-<br>137167/25.3.21-1359032/-<br>137167/25.3.21- 516350/-<br>137167/25.3.21- 22818/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 829/14.4.20 | 19988/- |
| 2 | 828/14.4.20 | 47502/- |
| 3 | 826/14.4.20 | 134610/- |
| 4 | 809/26.3.20 | 121590/- |
| 5 | 811/26.3.20 | 18103/- |
| 6 | 815/26.3.20 | 44196/- |
| 7 | 739/27.12.19 | 63336/- |
| 8 | 664/24.9.19 | 3828/- |
| 9 | 788/24.2.20 | 11970/- |
| 10 | 736/27.12.19 | 179585/- |
| 11 | 737/27.12.19 | 3208/- |
| 12 | 764/23.1.20 | 75052/- |

| | | |
|---|---|---|
| 13 | 763/23.1.20 | 45936/- |
| 14 | 762/23.1.20 | 153650/- |
| 15 | 755/23.1.20 | 12180/- |
| 16 | 781/24.2.20 | 18428/- |
| 17 | 779/24.2.20 | 121590/- |
| 18 | 780/24.2.20 | 44196/- |
| 19 | 903/29.6.20 | 50112/- |
| 20 | 895/29.6.20 | 174930/- |
| 21 | 877/23.5.20 | 19662/- |
| 22 | 899/29.6.20 | 71572/- |
| 23 | 862/23.5.20 | 144900/- |
| 24 | 870/23.5.20 | 31146/- |
| 25 | 873/23.5.20 | 68208/- |
| 26 | 945/24.5.20 | 192815/- |
| 27 | 730/28.7.20 | 24360/- |
| 28 | 948/24.8.20 | 77372/- |
| 29 | 952/24.8.20 | 55854/- |
| 30 | 724/28.7.20 | 74472/- |
| 31 | 727/28.7.20 | 28536/- |
| 32 | 969/26.9.20 | 57246/- |
| 33 | 994/30.10.20 | 77836/- |
| 34 | 991/30.10.20 | 55506/- |
| 35 | 974/26.9.250 | 76908/- |
| 36 | 985/3010.20 | 197470/- |
| 37 | 928/28.7.20 | 185955/- |
| 38 | 966/26.9.20 | 167580/- |
| | ആകെ | 2951388/- |

| | |
|---|---|
| പ്രൊജക്ട് | 78/20-21 അനുപൂരക പോഷകാഹാരം (എസ്.സി) |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി)- 600000/-<br>കേന്ദ്രവിഹിതം-223500/- |
| ആകെ | 823500/- |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)- 600000/-<br>കേന്ദ്രവിഹിതം-214994/-<br>ആകെ- 814994/- |
| ബിൽ /ചെക്ക് നം/തിയതി | 18/29.6.20- 88326/- |

| | |
|---|---|
| | 27/26.8.20-105082/-<br>44/10.2.21-201214/-<br>50/19.3.21-147398/-<br>22/29.7.20-57980/-<br>137167/25.3.21-20915/-<br>137167/25.3.21-194079/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 805/26.3.20 | 18690/- |
| 2 | 807/26.3.20 | 3120/- |
| 3 | 808/26.3.20 | 6786/- |
| 4 | 830/14.4.20 | 19320/- |
| 5 | 831/14.4.20 | 5742/- |
| 6 | 838/15.4.20 | 3570/- |
| 7 | 897/29.6.20 | 12876/- |
| 8 | 871/23.5.20 | 13108/- |
| 9 | 902/29.6.20 | 7308/- |
| 10 | 876/23.5.20 | 4176/- |
| 11 | 893/29.6.20 | 28665/- |
| 12 | 863/23.5.20 | 20370/- |
| 13 | 943/24.8.20 | 29155 |
| 14 | 946/24.8.20 | 12180/- |
| 15 | 949/24.8.20 | 6960/- |
| 16 | 722/28.7.20 | 13108 |
| 17 | 926/28.7.20 | 28665/- |
| 18 | 964/26.9.20 | 26250/- |
| 19 | 986/30.10.20 | 25970/- |
| 20 | 970/26.9.20 | 1276/- |
| 21 | 989/30.10.20 | 6612/- |
| 22 | 992/3010.20 | 11948/- |
| 23 | 967/26.9.20 | 8400/- |
| 24 | 731/31.11.20 | 8178/- |
| 25 | 1010/30.11.20 | 12528/- |
| 26 | 1016/30.11.20 | 29400/- |
| 27 | 1031/31.12.20 | 27720/- |
| 28 | 1037/31.12.20 | 9048/- |

| | | |
|---|---|---|
| 29 | 1034/31.12.20 | 6438/- |
| 30 | 1051/29.1.21 | 6900/- |
| 31 | 1057/29.1.21 | 5568/- |
| 32 | 1054/29.1.21 | 27685/- |
| 33 | 1072/23.2.21 | 27445/- |
| | ആകെ | 475165/- |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.2/26.5.22) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി -ടി.ഡി.എസ്. ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

2% ടി.ഡി.എസ്. ഈടാക്കാതെ സപ്ലെയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ നിയമാനുസൃതമായ കിഴിവ് നടത്തിയതിനു ശേഷം മാത്രം സപ്ലെയർക്ക് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (എസ.സി)- മതിയായ തുക അനുവദിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | നം.93/2020-21മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (എസ.സി)- |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ.-2 |
| അടങ്കൽ | വികസന ഫണ്ട് ജനറൽ-19329/-<br>വികസന ഫണ്ട് (എസ്.സി.പി)-3580157/-<br>തനത് ഫണ്ട് - 514/-<br>ആകെ-3600000/- |
| ചെലവ് | വികസന ഫണ്ട് ജനറൽ-0<br>വികസന ഫണ്ട് (എസ്.സി.പി)-1000000/-<br>തനത് ഫണ്ട്- 0<br>ആകെ - 1000000/- |

| | |
|---|---|
| ബിൽ നം. | 5/15.10.20-400000/-<br>6/10.11.20-250000/-<br>7/20.12.20-50000/-<br>8/30.12.20-50000/-<br>18/15.3.21-100000/-<br>16/24.2.21-150000/- |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വീട് പുനരുദ്ധാരണം ജനറൽ വിഭാഗത്തിന് പരാമവധി 1,00,000/- രൂപയും എസ് സി വിഭാഗത്തിന് 1,50,000/- അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിന് 100000/- മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ വീടുകൾ പൂർണ്ണമായും റിപ്പയർ ചെയ്യാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുന്നു. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ഈ തുക നൽകുന്നതു വഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. മതിയായ തുക വകയിരുത്താത്തതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.5.22) വർക്കിംഗ് ഗ്രൂപ്പ്, പഞ്ചായത്ത് ഭരണസമിതി തീരുമാനം അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും അപേക്ഷകരുടെ എണ്ണം കൂടുതലാണെന്നും ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്നും സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാമെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ലൈഫ് പദ്ധതി (ജനറൽ)-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ലൈഫ് പദ്ധതി (ജനറൽ)-യുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റിലേർപ്പെടുകയും ഭാഗികമായി തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|
| 1 | ബൽക്കീസ്, W/o ഖാസിം, കണ്ണോട്, കഞ്ചിക്കോട് | 19.7.18 |
| 2 | സ്വപ്ന, W/o മുരളി, മലയങ്കാവ്, പുതുശ്ശേരി | 19.7.18 |
| 3 | ഫാത്തിമബീവി, ഷെയ്ക്ക് അബ്ദുൾ റസാക്ക്, ലക്ഷംവീട്, മായപ്പള്ളം | 8.10.18 |
| 4 | നാഗേശ്വരി, മുരുകേശൻ, കൊയ്യാമരക്കാട്. | 30.11.18 |
| 5 | ആരാത്താൾ, കുപ്പുസ്വാമി, വട്ടപ്പാറ | 25.11.19 |
| 6 | രാമൻ കറുപ്പസ്വാമി, വാളയാർ | 25.11.19 |
| 7 | സെബിയ സലീം, മായപ്പള്ളം | 19.7.18 |
| 8 | എൽസി ആന്റണി, മടയൻവീട് | 7.12.19 |

മേൽപ്പറഞ്ഞ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്റ്റേജ്,

പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം എന്നിവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.12/30.5.22) ലഭ്യമാക്കിയ മറുപടി താഴെ പറയുന്നു. ക്രമ നം. 1 മുതൽ 4 വരെയുള്ളവർ വീട് പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ക്രമ നം. 5,6,7 എന്നിവരുടെ വീട് പുരോഗമിക്കുകയാണെന്നും സ്ഥിരമായി വീട് പരിശോധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നം. 8 വീട് പണി പൂർത്തീകരിച്ച ഉടൻ 40000/- രൂപ ഉടൻ നൽകുന്നതാമെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മോണിറ്ററിംഗ് സമിതി പരിശോധിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക എഗ്രിമെന്റ് വ്യവസ്ഥകൾക്കനുസൃതമായി തിരികെ ഈടാക്കേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 കുടുംബശ്രീ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | 129/2020-21കുടുംബശ്രീ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് ജനറൽ-300000/-<br>ആകെ-300000/- |
| ചെലവ് | വികസന ഫണ്ട് ജനറൽ-300000/-<br>ആകെ-300000/- |
| ബിൽ നം/തിയതി | 32/19.1.21- 300000/- |

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒരു കുടുംബശ്രീ യൂണിറ്റിന് 1000/- രൂപ എന്ന നിരക്കിൽ 30യൂണിറ്റുകൾക്ക് ആകെ 300000/- രൂപ വികസന ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. റിവോൾവിങ്ങ് ഫണ്ട് തുക ഉപയോഗിച്ച് അയൽക്കൂട്ട അംഗങ്ങൾക്ക് വായ്പ നല്കി വരുമാനദായക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നും 10 വർഷക്കാലംവരെ ടി സംഖ്യ അംഗങ്ങൾക്ക് വീതിച്ച് നൽകുവാനോ പാടില്ല എന്ന് നിബന്ധന ഉണ്ട്. ഇത് കൂടാതെ കുടുംബശ്രീ യൂണിറ്റ് പിരിച്ചുവിടുകയാണെങ്കിൽ റിവോൾവിങ്ങ് ഫണ്ട് തുക തിരികെ അടവാക്കണമെന്നനും വ്യവസ്ഥയുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ തുടർപ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തി കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥരും, മോണിറ്ററിങ്ങ് സമിതിയും ഉറപ്പാക്കേണ്ടതാണ്. മുദ്രപത്രത്തിൽ കരാർ ചമക്കാതെയാണ് യൂണിറ്റുകൾക്ക് തുക നൽകിയിട്ടുള്ളത്. റിവോൾവിങ്ങ് ഫണ്ട് ലഭിച്ചശേഷം ഏതെങ്കിലും ഗ്രൂപ്പ് പിരിയുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.17/31.5.2022) ന് മറുപടിയായി കോവിഡ് കാലയമായതിനാലാണ് കുടുംബശ്രീ യൂണിറ്റുകളുമായി കരാർ ചമക്കാൻ സാധിക്കാതെ വന്നത് എന്നും മോണിറ്ററിംഗ് സമയബന്ധിതമായി നടപ്പിലാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥൻ കുടുബശ്രീ യൂണിറ്റുകളുമായി കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് ലഭിച്ച ശേഷം ഏതെങ്കിലും ഗ്രൂപ്പ് പിരിഞ്ഞിട്ടുണ്ടെങ്കിൽ തുക തിരിച്ചടച്ച വിവരവും അറിയിക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗരേഖ ലഭ്യമാക്കണം

പ്രോജക്ട് നം 178/20 , കന്നുകുട്ടി പരിപാലനം

അടങ്കൽ - 1250000 ( വികസനഫണ്ട് 625000 + മറ്റുള്ളവ 625000 )

ചെലവ് - 625000 (ബിൽ നം 4/19.02.21)

വെറ്ററിനറി ക്ലിനിക്കിൽ സൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്ത 50 ഗുണഭോക്താക്കളുടെ 4 മുതൽ 6മാസം വരെ പ്രായമുള്ള ഒരു കന്നുകുട്ടിയെ വീതം കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമസഭ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്.18 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്. ഈ കാലയളവിലുള്ള കാലി തീറ്റ വിതരണത്തിനായി 6250 രൂപയാണ് ഒരു കന്നുകുട്ടിക്ക് സബ്സിഡിയായി നൽകുന്നത്. ഗ്രാമപഞ്ചായത്ത് വിഹിതമായ 625000 രൂപ പാലക്കാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് ( A/c No- 714021400000008) കൈമാറിയിട്ടുണ്ട്. കഞ്ചിക്കോട്പ്രാദേശിക സഹകരണസംഘം മുഖേനയാണ് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. സംഘത്തിന്റെ സ്റ്റോക്ക്ഇഷ്യൂ, വ്യക്തിഗതനാൾവഴി രജിസ്ററർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണ്ടെത്തി.

1).കാലിത്തീറ്റ വിതരണ വിവരം രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 8 മാസങ്ങൾക്കു ശേഷം കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല .

| രജിസ്റ്ററിലെ ക്രമ.നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 42 | രാജാമണി , കിഴക്കുമുറി കഞ്ചിക്കോട് |
| 4 | രാജാമണി, സൂര്യനഗർ, കഞ്ചിക്കോട് |

2).ജോൺ ജോസഫ് ആട്ടുപതി എന്ന ഗുണഭോക്താവ് 2 മാസങ്ങൾക്കു ശേഷം കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല. വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ Cancelled എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 3 തീയതി -27.05.22 ) ജോൺ ജോസഫ് ആട്ടുപതി എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി 2 മാസത്തെ സപ്പ്ളൈക്കു ശേഷവും രാജാമണി (ക്രമനമ്പർ -4 ) സൂര്യ നഗർ കഞ്ചിക്കോട് എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി 7 മാസത്തെ സപ്പ്ളൈക്കു ശേഷവും മരിച്ചുപോയതായും ടി ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്നും മാറ്റിയിട്ടുണ്ടെന്നും രാജാമണി (ക്രമ നം -42 ) , കിഴക്കുമുറി , കഞ്ചിക്കോട് എന്ന ഗുണഭോക്താവിന്റെ കാലിത്തീറ്റ വിതരണം ശരിയായി കൊടുത്തുവരുന്നുണ്ടെന്നും ഇപ്പോൾ 48 ഗുണഭോക്താക്കൾക്കാണ് കാലിത്തീറ്റ വിതരണം നടത്തി വരുന്നതെന്നും . പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയിൽ എൻറോൾ ചെയ്ത 2 കന്നുകുട്ടികൾ മരണപ്പെട്ടതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.പദ്ധതി പൂർത്തിയാകുന്ന മുറക്ക് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വീടുകളിൽ നിന്ന് 30 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 50 രൂപ മുതൽ 100 രൂപ വരെയും പ്രതിമാസ യൂസർ ഫീ ആയി നിലവിൽ ഈടാക്കി വരുന്നുണ്ട്.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 26.09.2019 ൽ ഉദ്ഘാടനം നടത്തി 2.10.2019 മുതൽക്കാണ് ഫീൽഡ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 23 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 46 പേരാണുണ്ടായിരുന്നത്. ഓരോ വാർഡിനും 2 അംഗങ്ങളുള്ള സംഘമാണ് വേണ്ടതെങ്കിലും നിലവിൽ 36 അംഗങ്ങൾ മാത്രമാണുള്ളത്. 5 വാർഡിൽ ഹരിത കർമ്മ സേന ഇല്ല. ജനങ്ങളുടെ പ്ലാസ്റ്റിക്ക് മാലിന്യം കൈമാറുന്നതിനുള്ള വൈമുഖ്യം, സേനാംഗങ്ങൾക്ക് ജോലിക്കുള്ള പ്രതിഫലം ലഭിക്കുന്നതിലുള്ള കാലതാമസം എന്നീ കാരണങ്ങളാലാണ് പലരും ഈ ജോലിയിൽ നിന്നും പിൻമാറിയത് എന്ന് ഹരിതക്രമസേനാംഗങ്ങൾ അറിയിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിച്ച് 3 തവണ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. സേനാംഗങ്ങൾക്കുള്ള യൂണിഫോം ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ 15000 വീടുകളും 3000 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. ഇതിൽ 4000 വീടുകളിൽ നിന്നും, 500 കടകളിൽ നിന്നുമാണ് പ്ളാസ്റ്റിക്കും ഫീസും ലഭിക്കുന്നത്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. യൂസർഫീ ലഭിക്കുന്നതിനാവശ്യമായ ബോധവത്കരണപരിപാടികളും നടത്തിവരുന്നതായും അറിയിച്ചു.

ഡി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ് )

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന എം.സി.എഫ് പ്രവർത്തിക്കുന്നത് ദേശീയപാതയുടെ സമീപത്തുള്ള കൊയ്യാമരക്കാട് എന്ന സ്ഥലത്താണ്. വാർഡ് തലത്തിൽ ശേഖരിക്കുന്ന പ്ളാസ്റ്റിക്ക് ഗ്രാമപഞ്ചായത്തിന്റെ ട്രാക്ടറിൽ എം സി എഫിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. ഇവിടെ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം തരംതിരിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് കോമ്പൌണ്ടിലുള്ള കെട്ടിടത്തലേക്ക് കൊണ്ടു പോകുന്നു. എം.സി.എഫ് കെട്ടിടത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണ് എന്ന് തെളിയിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടില്ല. അലുമിനിയം ഷീറ്റ് കൊണ്ടുള്ള കോമ്പൊണ്ട് മതിൽ സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിന്റെ പുറത്തുള്ള കോമ്പൌണ്ടിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന

അവസ്ഥയിലാണ് ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയപ്പോൾ കാണാൻ കഴിഞ്ഞത്. എം.സി.എഫിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. യഥാസമയം ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോകാത്തതിനാലാണ് എം.സി.എഫ് നിറഞ്ഞ് പുറത്ത് നിക്ഷേപിക്കേണ്ടി വന്നത് എന്ന് അസി.സെക്രട്ടറി അറിയിച്ചു. എം.സി.എഫുകളിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന മിനി എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അസി.സെക്രട്ടറി അറിയിച്ചു.

ഇ. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്) ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

എഫ്. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ സേന പ്രവർത്തിച്ചു തുടങ്ങിയതിനുശേഷം മൂന്ന് പ്രാവശ്യം മാത്രമാണ് കമ്പനി പ്ളാസ്റ്റിക്ക് ശേഖരിച്ചിട്ടുള്ളത്

ജി. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും അസി.സെക്രട്ടറിക്കാണ് ചുമതല നൽകിയിട്ടുള്ളത്. 16.5.2022 മുതൽ വി.ഇ. ഒ. മാർക്ക് ചുമതല കൈമാറിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എം.സി.എഫ്. നിറഞ്ഞ് കൊമ്പൌണ്ടിൽ കൂട്ടിയിട്ടിരിക്കുന്നത് ഒഴിവാക്കാൻ എത്രയും വേഗം തരംതിരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി.ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കേണ്ടതാണ്. യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 സുഭിക്ഷകേരളം - പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 9 കർഷകർക്ക് തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് പ്രൊജക്ട് നമ്പർ - 360/21 പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - 360 തരിശുഭൂമിയിൽ നെൽകൃഷി

അടങ്കൽ - 600000 (വികസനഫണ്ട് -ജനറൽ -100000 + ബ്ളോക്ക് വിഹിതം - 500000)

ചെലവ് - 390902 ( വികസനഫണ്ട് -ജനറൽ– 41898 + - ബ്ളോക്ക് വിഹിതം– 174502)

ബിൽനമ്പർ - 35 തീയതി 13.10.20 - 41898

ബിൽനമ്പർ - 51 തീയതി 27.03.21 - 174502

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും, 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഖണ്ഡിക .2.2.3 പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്.

ഖണ്ഡിക .2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ ഗ്രാമപഞ്ചായത്തിലെ തരിശുഭൂമിയിലെ കൃഷി പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

മേൽ സൂചിപ്പിച്ച പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ മേൽസൂചിപ്പിച്ച ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ കൃഷി ഓഫീസർ പാലിച്ചിട്ടില്ല.

നിർവ്വഹണം നടത്തിയ പദ്ധതിയിൽ തരിശുഭൂമിയിലെ ആദ്യകൃഷിയാണെന്ന് അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആനുകൂല്യം രണ്ടു തവണകളായിട്ടല്ല നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 19 ,തീയതി - 31.05.2022) മറുപടി ലഭ്യമായിട്ടില്ല.

വരും വർഷങ്ങളിൽ പദ്ധതി മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ചു മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുകകൾ നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. സംയുക്ത പ്രൊജക്ടുകൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും ലഭിക്കുന്ന തുകകളുടെ വരവ് ചെലവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ ഇനങ്ങളുടേയും കൃത്യമായ കണക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തുകകൾ ഏതു വർഷം എന്ത് ആവശ്യത്തിന് ലഭിച്ചു എന്നും തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/26.5.2022ന് മറുപടി ലഭ്യമാക്കിയില്ല.

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതും ചെലവഴിക്കുന്നതുമായ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനായി രജിസ്റ്ററിൽ അപാകതകൾ പരിഹരിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ചെലവഴിക്കാത്ത തുകകളുടെ വിവരങ്ങൾ ഖണ്ഡിക 1-22-1 (ബ്ലോക്ക് പഞ്ചായത്ത്), 1-22-2 (ജില്ലാ പഞ്ചായത്ത്), 1-22-3 (മറ്റു ഫണ്ടുകൾ) എന്നിവയിൽ ചേർത്തിട്ടുണ്ട്.

1-22-1 ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത്

| ഹെഡ് | തുക ലഭിച്ച വർഷം | തൻവർഷം വരവ് തുക | ബാലൻസ് തുക B-4 | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 320700204 | 2018-19 | --- | 2328294 | ലൈഫ് മിഷൻ ബ്ലോക്ക് പഞ്ചായത്ത് |
| | 2017-18 | --- | 1489900 | മാലിന്യ സംസ്കരണം/ശ്മശാനം ബ്ലോക്ക് പഞ്ചായത്ത് |
| | 2018-19 | --- | 250000 | കുടുംബശ്രീ ഹോളോബ്രിക്സ് യൂണിറ്റ് ബ്ലോക്ക് പഞ്ചായത്ത് |
| | 2018-19 | --- | 1 | പാലിയേറ്റീവ് കെയർ ബ്ലോക്ക് പഞ്ചായത്ത് |
| | 2018-19 | --- | 10000 | അംഗൻവാടി കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്ത് |
| | 2019-20 | --- | 5145 | പ്രൊഡക്ഷൻ ബോണസ് ബ്ലോക്ക് പഞ്ചായത്ത് |
| | 2019-20 | --- | 112000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | 2019-20 | --- | 150000 | പാലിയേറ്റീവ് കെയർ ബ്ലോക്ക് പഞ്ചായത്ത് |

1-22-2 ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത്

| ഹെഡ് | തുക ലഭിച്ച വർഷം | തൻവർഷം വരവ് തുക | ബാലൻസ് തുക B-4 | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 320700205 | 2018-19 | --- | 32104 | ജില്ലാ പഞ്ചായത്ത് |

1-22-3 ചെലവഴിക്കാത്ത തുക -ശുചിത്വ മിഷൻ, മറ്റു ഫണ്ടുകൾ

| ഹെഡ് | തൻവർഷം വരവ് തുക | ബാലൻസ് തുക B-4 | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 320100115 | 4978319 | 4748319 | ശുചിത്വ മിഷൻ |
| 320100119 | --- | 255564 | WGDP |
| 320200307 | --- | 67077 | ലഭ്യമല്ല |
| 320200322 | --- | 943099 | ശുചിത്വ മിഷൻ |
| 320300199 | 6700000 | 46585 | ലഭ്യമല്ല |
| 32040019 | 1250000 | 1250000 | ആശ്രയ |

1-23 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 173 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 140 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹96232118 വകയിരുത്തിയതിൽ ₹53011512 ആണ് ചെലവഴിച്ചിട്ടുള്ളത്. 55.09% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹43220606/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 2207685 | 1301561 | 906124 |
| പൊതുവിഭാഗം (എസ്.സി.പി) | 2280000 | 1874826 | 405174 |
| പൊതുവിഭാഗം (ടി.എസ്.പി) | 602116 | 302000 | 300116 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22120252 | 14289130 | 7831122 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1338748 | 0 | 1338748 |
| തനതു ഫണ്ട് | 40607902 | 15623567 | 24984335 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 0 | 500000 |
| മെയി.ഫണ്ട്(റോഡ്) | 21501060 | 16487866 | 5013194 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 4603019 | 3132562 | 1470457 |
| മറ്റുള്ളവ | 471336 | 0 | 471336 |
| ആകെ | 96232118 | 53011512 | 43220606 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 349/21 – ചുള്ളിമട കഞ്ചിക്കോട് ഗവ. എൽ.പി. സ്കൂൾ വൈദ്യുതീകരണം
- പ്രൊജക്ട് നം. 347/21 -വായനശാല കെട്ടിട നിർമ്മാണം
- പ്രൊജക്ട് നം. 316/21 – രാജീവ്നഗർ മിച്ചഭൂമി റോഡ് ഡ്രൈനേജ് നിർമ്മാണം
- പ്രൊജക്ട് നം. 295/21 -ആനയപ്പൻചള്ള റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 296/21 -വാദ്ധ്യാർചള്ള റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 329/21 -മേക്കല്ലൂർ റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 290/21 -ആശാരിത്തറ പാടം റോഡ് കോൺക്രീറ്റിംഗ് & സൈഡ് സംരക്ഷണം
- പ്രൊജക്ട് നം.291/21 -ചെല്ലൻകാവ് എസ്.ടി.കോളനി റോഡ് ടാറിംഗ്, ഫോർമേഷൻ

മേൽ പ്രൊജക്ടുകൾ ഏതു വർഷം എഗ്രിമെന്റ് വെച്ചതാണെന്നും തൻവർഷം നടപ്പിലാക്കാതിരുന്നതിന് കാരണവും മേൽ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രൊജക്ട് നം. 349/21, 347/21, 316/21 എന്നിവ ഉപേക്ഷിച്ചു എന്നും പ്രൊജക്ട് നം. 295/21, 296/21, 329/21 എന്നിവ ശക്തമായ മഴക്കെടുതികൾ മൂലം റോഡ് പൂർണ്ണമായും റീടാറിംഗിന് പറ്റാത്ത വിധം തകർന്നു പോയതിനാൽ 2021-22 പദ്ധതിയിൽ നിന്നും ഉപേക്ഷിച്ചു എന്നും ആയതിന് പകരമായി റോഡ് കോൺക്രീറ്റിംഗ് ചെയ്തു പൂർത്തീകരിച്ചു എന്നും പ്രൊജക്ട് നം. 290/21 കൃഷി സ്ഥലത്തേക്കുള്ള വെള്ളം തടസ്സപ്പെടാതിരിക്കാൻ കുറച്ചു ഭാഗം മാത്രം കോൺക്രീറ്റിംഗ് നടത്താൻ കഴിയാത്തതിനാൽ പ്രവൃത്തി അവസാനിപ്പിക്കേണ്ടി വന്നു എന്നും പ്രൊജക്ട് നം.291/21 കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ളതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. ആസ്തി രജിസ്ററർ 2019-20 വർഷം വരെ കാലികമാക്കിയിട്ടുണ്ട്.

4. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

5. എഗ്രിമെന്റ് രജിസ്റ്ററിൽ പിഎസി, സെക്യൂരിറ്റി, പ്രവൃത്തി പൂർത്തീകരണ തിയതി തുടങ്ങിയ

വിവരങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല.

6. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല.

7. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ്പ്ലാൻ, സെലക്ഷൻ നോട്ടീസ് എന്നിവ സൂക്ഷിച്ചിട്ടില്ല.

9. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

10. കരാറുകാരനുമായി ചമക്കുന്ന എഗ്രിമെന്റുകളിൽ ഒപ്പ് മാത്രമാണ് ഉള്ളത്. എഗ്രിമെന്റ് നം., തിയതി തുടങ്ങി മറ്റു വിവരങ്ങൾ ഒന്നും രേഖപ്പെടുത്തുന്നില്ല. ചില ഉദാ:- S0103/20 -അട്ടപ്പള്ളം പത്തായം റോഡ് കോൺക്രീറ്റിംഗ്, S0060/20 പ്രീകോട്ട് ന്യൂകോളനി റോഡ് കോൺക്രീറ്റ്, 456/21 -മേക്കയൂർ വാൽക്കാട് റോഡ് കോൺക്രീറ്റിംഗ്

11. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

12. എ. പ്രോജക്ടുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 173 മരാമത്ത് പ്രവൃത്തികളിൽ 85 എണ്ണം (49%) സ്പിൽഓവർ പ്രോജക്ടുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗിനുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 173 മരാമത്ത് പ്രവൃത്തികളിൽ 59 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 51 പ്രവൃത്തികൾ റോഡ് ടാറിംഗ് പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/29.5.2022ന് ജില്ലയിലെ തന്നെ വളരെ വലിയ പഞ്ചായത്തുകളിലൊന്നായ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമല്ലാതിരുന്നതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ശാരീരിക പ്രയാസങ്ങളും പരിചയക്കുറവും ഓഫീസിൽ ക്ലർക്കിന്റെ സേവനം പരിമിതമായി ലഭിക്കുന്നത് മൂലം ഫയലുകൾ കൃത്യമായി പരിപാലിക്കുന്നതിന്റെ ബുദ്ധിമുട്ടും അപാകതകൾക്ക് കാരണമായി എന്നും അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-24 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു

നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ പ്രവൃത്തി ദീർഘീകരണത്തിന് അപേക്ഷിക്കുകയോ അസിസ്റ്റന്റ് എഞ്ചിനീയർ സമയം അനുവദിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 139/19,204/21 -കണ്ണോട് റോഡ് ഡ്രൈനേജ് & കോൺക്രീറ്റിംഗ്<br>അടങ്കൽ - 408060-MG®<br>41940(തനതു ഫണ്ട്)<br>PAC- 547441<br>APAC- 408059<br><br>കരാറുകാരൻ - ശ്രീ. അനുരാജ്<br>എഗ്രിമെന്റ് നം.:84/16.10.2018<br>അളവു പുസ്തകം - 118/18<br>ചെലവ് - 394136<br>ബിൽ നം.6/16.4.2020<br>പൂർത്തീകരണ കാലാവധി - 6മാസം | 15-4-2019 | 14-1-2020 | 0 | 16423 (3%) | 16423 |
| 2 | 317/21- തെക്കേത്തറ നടുത്തറ റോഡ് നിർമ്മാണം | 31-3-2020 | 9-2-2021 | 0 | 22519 (3%) | 22519 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അടങ്കൽ -<br>651000-CFC<br>100000(തനതു ഫണ്ട്)<br>PAC- 750628.54<br>APAC-<br>589957.67<br><br>കരാറുകാരൻ -<br>ശ്രീ. ശിവദാസ്.സി.<br>എഗ്രിമെന്റ് നം.:57/22.11.2019<br>അളവു പുസ്തകം -<br>7/2019<br>ചെലവ്<br>-₹404943<br>ബിൽ നം.73/11.11.2020<br>₹228677<br>ബിൽ നം.92/12.3.21<br>പൂർത്തീകരണ കാലാവധി -<br>31.3.2020 | | | | | | |
| 3 | 301/21-<br>ചുള്ളിപ്പാലം പോക്കറ്റ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ -<br>288000-CFC<br>PAC- 287478.25<br>APAC-<br>287478.25<br>കരാറുകാരൻ -<br>ശ്രീ. ബിജു.ബി.<br>എഗ്രിമെന്റ് നം.:38/19.11.2019<br>അളവു പുസ്തകം - | 31-3-2020 | 3-7-2020 | 0 | 8624<br>(3%) | 8624 | |

| | | | | | | |
|---|---|---|---|---|---|---|
| | 292/19<br>ചെലവ് - 288000<br>ബിൽ നം.72/11.11.2020<br>പൂർത്തീകരണ കാലാവധി - 31.3.2020 | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 47566 |

തുക ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/29.5.2022 ന് നൽകിയ മറുപടികൾ അംഗീകരിക്കാൻ നിർവാഹമില്ല. തെക്കേത്തറ നടുത്തറ റോഡ് നിർമ്മാണം എന്ന പ്രവൃത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശം ഉണ്ടായിരുന്നതിനാലാണ് പ്രവൃത്തി നിർത്തി വച്ചത് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഫയലിൽ ഇതു സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളോ കരാറുകാരന്റെ അപേക്ഷയോ അതുപ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ സമയം ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. ചുള്ളിപ്പള്ളം പോക്കറ്റ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി കരാറുകാരനും പിതാവിനും ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ പ്രവൃത്തി നടപ്പിലാക്കിയില്ല എന്നും മറ്റൊരു കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു പൂർത്തീകരിച്ചു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആകെ ഈടാക്കേണ്ട തുക ₹47566/- ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-25 കൃഷി ഭവൻ വൈദ്യുതീകരണം -രേഖകളില്ലാതെ തുക അനുവദിച്ചു

പ്രൊജക്ട് നം. 205/21 -കൃഷി ഭവൻ വൈദ്യുതീകരണം

അടങ്കൽ - ₹175000/- മെയി. ഗ്രാന്റ് (റോഡിതരം)

ചെലവ് - 82322/- ട്രഷറി ബിൽ നം.23/16.4.2020

എഗ്രിമെന്റ് നം. 119/21.1.2019

കരാറുകാരൻ - ജഗദീഷ് കുമാർ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

കൃഷി ഭവൻ വൈദ്യുതീകരണം എന്ന പദ്ധതി പ്രകാരം ₹82322/- പിൻവലിച്ച് ജഗദീഷ്കുമാർ എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ PWD ഇലക്ട്രിക്കൽ വിംഗ് തയ്യാറാക്കിയ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, മെഷർമെന്റ് ബുക്ക്, വർക്ക് സ്ലിപ്പ്, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പ്രവൃത്തി പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തതിന്റെ രേഖകളില്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. രേഖകൾ പരിശോധനക്ക് ഹാജരാക്കാനും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനുമാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/27.5.2022ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ഇലക്ട്രിക് വിഭാഗം, പാലക്കാടിന്റെ സാങ്കേതിക അനുമതി പ്രകാരമാണ് പ്രവൃത്തി ആരംഭിച്ചത് എന്നും 19.3.2019 തിയതിയിലെ EL-2D/1426/2018-19 നമ്പറായി 82322/-രൂപയുടെ പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ടെന്ന കത്തും വർക്ക് ബില്ലും നൽകിയിട്ടുണ്ട് എന്നും അന്ന് ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിചയ കുറവ് കാരണം മെഷർമെന്റ് ഇല്ലാതെ ഈ പറയുന്ന രേഖകൾ വച്ച് ടി തുക കോൺട്രാക്ടർക്ക് അനുവദിക്കുകയാണ് ഉണ്ടായത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

